**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1603 16.3.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**മുയൽ കൃഷി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മുയലുകളെ കൊല്ലുന്നത് വിലക്കി ഉത്തരവ് നലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) സെൻട്രൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി 2011 ലെ ഉത്തരവ് പ്രകാരം അതിൽ ഉൾപ്പെടുത്തിയിട്ടുള്ള മൃഗങ്ങളെ മാത്രമേ മാംസ ആവശ്യത്തിനായി ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2014 ആഗസ്റ്റിലെ കേന്ദ്ര ആരോഗ്യവും കുടുംബ ക്ഷേമവും മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വെയ്ക്കുന്നു. |
| ബി) നിയമം പ്രാബല്യത്തിൽ വന്നതോടെ മുയൽ കൃഷി നടത്തി വന്ന കർഷകരുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ ? | ബി) ഉണ്ട്. ഈ വിഷയം 24.2.2015-ന് 28-ാം നമ്പർ നക്ഷത്രചിഹ്നരഹിതമായ ചോദ്യമായി അഡ്വ.ജോയ്സ് ജോർജ്ജ് ലോകസഭയിൽ ഉന്നയിക്കുകയും, ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ 3.3.2015 ലെ 5701 നമ്പർ ചോദ്യമായും ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം 19.11.2014 നും 18.2.2015 നും നടന്ന പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ഒരു വിഷയമായി ചേർത്തിരുന്നു. കൂടാതെ 24.10.2014 ലെ 30861/എ.എച്ച്.എഫ്.3/എ.ഡി കത്ത് പ്രകാരം മുയലിനെ കൂടി സെൻട്രൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവിൽ ചേർക്കുവാൻ ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ